**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6824** **11-07-2024 - ൽ മറുപടിയ്ക്ക്**

**ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ പുരാവസ്തുവകുപ്പ് മുഖാന്തിരം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് പ്രകാരം ചരിത്രപരമായോ, പുരാവസ്തുശാസ്ത്രപരമായോ, കലാശില്പപരമായോ, കൗതുകപ്രദമായതും, ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ വല്ല നിർമ്മാണമോ, എടുപ്പോ, സ്മാരകമോ, അഥവാ വല്ല ശ്മശാന സ്ഥലമേടയോ, തടങ്കൽ സ്ഥലമോ അഥവാ വല്ല ഗുഹയോ, പാറമേലുള്ള ശില്പവേലയോ, ശിലാലിഖിതമോ അഥവാ ഏക ശിലാസ്തംഭമോ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാവുന്നതാണ്. |
| (ബി) | 1938 സെപ്റ്റംബർ മാസത്തിൽ നടന്ന കല്ലറ-പാങ്ങോട് വിപ്ലവത്തിന്റെ ഭാഗമായി അവശേഷിക്കുന്ന പാങ്ങോട് പോലീസ് സ്റ്റേഷൻ ഔട്ട്പോസ്റ്റ് കെട്ടിടവും പഴയ മുദ്രകളും വെടിവയ്പിന്റെ ഭാഗമായി നടന്ന മറ്റ് അടയാളങ്ങളും അന്യാധീനപ്പെട്ടു കൊണ്ടിരിക്കുന്ന പ്രസ്തുത സ്ഥലങ്ങളും സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ? | (ബി) | പാങ്ങോട് പോലീസ് സ്റ്റേഷൻ കെട്ടിടത്തിന് 100 വർഷത്തെ പഴക്കമില്ലാത്തതിനാലും, കെട്ടിടത്തിൽ ധാരാളം കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുള്ളതിനാലും പുരാവസ്തു വകുപ്പിന്റെ സംരക്ഷിതസ്മാരകമായി പ്രഖ്യാപിക്കുന്നതിന് കെട്ടിടം യോഗ്യമല്ല. എന്നാൽ കല്ലറ പാങ്ങോട് സമരത്തിന്റെ ഭാഗമായ ഈ കെട്ടിടം, കേരള പോലീസ് വകുപ്പിന് കീഴിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനു കീഴിലോ പൈതൃക സ്മാരകമായി നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ